(ബി) ഈ ഇനത്തിൽ ഇടതുമുന്നണി സർക്കാരിന്റെ കാലത്ത് ചെലവായ തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ യു. ഡി. എഫ്. സർക്കാർ നിക്ഷേപകർക്ക് തിരികെ നൽകിയ തുക എത്ര;

(ഡി) ഇതിൽ പലിശയിനത്തിൽ കൊടുത്ത തുക എത്ര?

ഉത്തരം

(എ) ഇടതുമുന്നണി സർക്കാരിന്റെ കാലത്ത് KIIFB-Bond Series-1 മുഖേന 507.06 കോടി രൂപ സ്വരൂപിക്കുകയുണ്ടായി.

(ബി) ഇടതുമുന്നണി സർക്കാരിന്റെ കാലത്ത് ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഇനത്തിൽ തുകയൊന്നും ചെലവാക്കിയിട്ടില്ല.

(സി) സ്വരൂപിക്കപ്പെട്ട തുകയായ 507.06 കോടി രൂപയും 30-12-2004-ൽ നിക്ഷേപകർക്ക് മടക്കിക്കൊടുക്കുകയുണ്ടായി.

(ഡി) 340.12 കോടി രൂപ പലിശയിനത്തിൽ നിക്ഷേപകർക്ക് നൽകുകയുണ്ടായി.

നിർമ്മിതി കേന്ദ്രത്തിന് നികുതി ഇളവ് അനുവദിക്കാൻ നടപടി

28 [2637] ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ജനകീയ കമ്മിറ്റികൾക്ക് നികുതിയിൽ നൽകിയിരുന്ന ഇളവ് നിർമ്മിതി കേന്ദ്രത്തിനും നൽകി വന്നിരുന്നത് നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നികുതി ഇളവ് നിർത്തലാക്കുന്നതിന്റെ ഫലമായി നിർമ്മിതി കേന്ദ്രങ്ങൾ പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ജനകീയ കമ്മിറ്റികൾക്ക് നൽകിവരുന്ന നികുതി ആനുകൂല്യം നിർമ്മിതി കേന്ദ്രത്തിനും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിർമ്മിതി കേന്ദ്രത്തിന് യാതൊരുവിധ നികുതി ഇളവുകളും സർക്കാർ നൽകിയിട്ടില്ല.

(ബി) ഇല്ല.

(സി) 1-4-2005-ൽ നിലവിൽ വന്ന മൂല്യ വർദ്ധിത നികുതി നിയമ പ്രകാരം യാതൊരു ഒഴിവുകളും കിഴിവുകളും അനുവദിക്കാൻ സാധ്യമല്ല.

ഭരണ നവീകരണ പരിപാടിയുടെ ചെലവ്

29 [2638] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2004-05 വർഷങ്ങളിൽ ഭരണ നവീകരണത്തിനായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly